**തിരുവനന്തപുരം ഭരണ വിഭാഗം അഡീഷണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടിക്രമം**

**പുറപ്പെടുവിക്കുന്നത് : പ്രമോദ് ജി കൃഷ്ണൻ ഐ.എഫ്.എസ്.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് ന്റെ സ്ഥലം മാറ്റവും ജൂനിയർ സൂപ്രണ്ടിന് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :

1. സർക്കാർ കത്ത് നമ്പർ F2/37/2024/FWLD തീയതി : 18-04-2024
2. കേരള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 18 Vol. 13 തീയതി: 30.04.2024
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.09.2024 തീയതിയിലെ ഡി5-5760/2024 നമ്പർ ഉത്തരവ്.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.04.2024, 04.05.2024, 27.07.2024 തീയതികളിലെ ഡി3-2870/2024 നമ്പർ ഉത്തരവുകൾ.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.06.2024 തീയതിയിലെ ഡി3-6588/2023 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ KFDHQ/2870/2024-ADMIN/D3, തീയതി : 13-09-2024**

സൂചന (3) ഉത്തരവ് പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മണ്ണാർക്കാട് ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ. അജിത്കുമാർ. റ്റി - യ്ക്ക് 12.09.2024 മുതൽ Leave Preparatory to Retirement (LPR) അനുവദിച്ച ഉത്തരവായതിനെ തുടർന്ന് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു. ഇതിലേക്കായി ഒരു ജൂനിയർ സൂപ്രണ്ട് - നെ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകേണ്ടതുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് 02.04.2024 തീയതിയിൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) (DPC- Lower) അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ 2024 സെലക്റ്റ് ലിസ്റ്റ് സൂചന (1) പ്രകാരം അംഗീകരിക്കുകയും കേരള ഗസറ്റിൽ സൂചന (2) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സെലക്റ്റ് ലിസ്റ്റിൽ ക്രമ നമ്പർ (10) വരെയുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് സൂചന (4), (5) ഉത്തരവുകൾ പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

അതിനാൽ 2024 - ലെ സെലക്റ്റ് ലിസ്റ്റിൽ ക്രമ നമ്പർ (11) ആയി അവശേഷിക്കുന്ന ശ്രീ.പ്രസാദ്. എൻ. വി (PEN: 363532) ജൂനിയർ സൂപ്രണ്ടിനെ 51,400 – 1,10,300 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഭരണപരമായ കാരണങ്ങൾ പരിഗണിച്ചും അപേക്ഷ പരിഗണിച്ചും ചുവടെ പറയും പ്രകാരം സീനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം നൽകിക്കൊണ്ടും ജൂനിയർ സൂപ്രണ്ടിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, PEN, നിലവിലെ ഓഫീസ് | സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം | സ്ഥലംമാറ്റിയ/സ്ഥാനക്കയറ്റം നൽകി നിയമിച്ച ഓഫീസ് |
|---|---|---|---|
| **സ്ഥലം മാറ്റം** | | | |
| 1 | ശ്രീമതി സുസ്മിത എം.വി<br>(PEN: 162144)<br>സീനിയർ സൂപ്രണ്ട്,<br>നിലമ്പൂർ നോർത്ത് ഡിവിഷൻ. | സ്ഥലംമാറ്റം | മണ്ണാർക്കാട് ഡിവിഷൻ.<br>(ശ്രീ.അജിത് കുമാർ.റ്റി ലീവിൽ (LPR) പോയ ഒഴിവിൽ)- അപേക്ഷ പ്രകാരം |
| **സ്ഥാനക്കയറ്റം** | | | |
| 2 | ശ്രീ പ്രസാദ് എൻ.വി<br>(PEN: 363532)<br>ജൂനിയർ സൂപ്രണ്ട്,<br>മലയാറ്റൂർ ഡിവിഷൻ. | സ്ഥാനക്കയറ്റം | നിലമ്പൂർ നോർത്ത് ഡിവിഷൻ (ശ്രീമതി സുസ്മിത എം.വി- യെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |

Signed by
Pramod G Krishnan
Date: 13-09-2024 17:15:16

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം - ന്റെ അറിവിലേക്കായി. (ആമുഖ കത്ത് സഹിതം)
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട്.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത്.
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ ഡിവിഷൻ.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട് ഡിവിഷൻ.
7. ഇ5 സെക്ഷൻ / സ്റ്റോക്ക് ഫയൽ